വിജിലന്റ് കേരള പദ്ധതി

239 (2067) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻറ് കേരള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ 100% അഴിമതി വിമുക്ത പദ്ധതിനടത്തിപ്പും ഭരണനിർവ്വഹണവും ലക്ഷ്യമിട്ടുകൊണ്ട് ജനപങ്കാളിത്തത്തോടെ, പരാതി സംസ്കാരത്തിൽ നിന്നുമാറി കൂട്ടായ പ്രശ്നപരിഹാര സംസ്കാരം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിവരുന്ന അഴിമതി വിരുദ്ധ പദ്ധതി ആണ് വിജിലന്റ് കേരള. ഈ ലക്ഷ്യപ്രാപ്തിക്കായി പ്രദേശത്തെ ഓരോരുത്തരും പരാതി പറയുന്നതിനുപകരം, അഴിമതി വിരുദ്ധ പ്രവർത്തനത്തിന് പങ്കാളികളാകുക എന്നതാണ് വിജിലന്റ് കേരളയുടെ പ്രത്യേകത.

വിജിലന്റ് കേരളയുടെ പ്രവർത്തനത്തിൽ ഏഴുതരം പങ്കാളികളുണ്ട്.

ഗ്രൂപ്പ്-1 സർക്കാർ, അർദ്ധസർക്കാർ ഓഫീസുകളിലോ സർക്കാർ പ്രവർത്തനങ്ങളിലോ അഴിമതി അഭിമുഖീകരിക്കുകയോ കാണുകയോ ചെയ്യുന്നവർ.

ഗ്രൂപ്പ്-2 അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ അറിവും കഴിവും നേടി, സജീവ പങ്കാളികളാവുന്ന കോയിലേഷൻ മെമ്പർ.

ഗ്രൂപ്പ്-3 വിജിലന്റ് കേരള വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യുന്ന പ്രശ്നം പരിഹരിക്കാൻ ഡെലിഗേറ്റഡ് അതോറിറ്റി (പൂർണ്ണ ഉത്തരവാദിത്വവും അധികാരവും) ഉള്ള അംഗങ്ങൾ.

ഗ്രൂപ്പ്-4 ജില്ലയിലെ വിജിലൻസ് ഉദ്യോഗസ്ഥരും വിജിലൻസ് സ്റ്റാഫും.

GPM. 2/240/2020-40

LIBRARY ARCHIVES Kerala Legislative Assembly

ഗ്രൂപ്പ്-5 ജില്ലാതല വിജിലൻസ് കമ്മിറ്റി അംഗങ്ങളും മറ്റ് ജില്ലാതല ഭരണ മേധാവികളും.

ഗ്രൂപ്പ്-6 വകുപ്പു മേധാവികൾ, പൊതുമേഖലാ സ്ഥാപന മേധാവികൾ, ബോർഡ് മേധാവികൾ, മറ്റ് സർക്കാർ ഉന്നതോദ്യോഗസ്ഥർ.

ഗ്രൂപ്പ്-7 വിജിലൻസ് ആസ്ഥാനത്തെ ഉദ്യോഗസ്ഥർ.

2014 ആഗസ്റ്റ് മുതൽ പൈലറ്റ് പ്രോജക്ട് ആയി എട്ട് ജില്ലകളിൽ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 9-7-2015 രാവിലെ പത്ത് മണിയ്ക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സാമൂഹിക ക്ഷേമ വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ, ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ വി.ജെ.ടി. ഹാളിൽ നടന്ന ചടങ്ങിൽവച്ച് ആദരണീയനായ കേരള ഗവർണ്ണർ ജസ്റ്റിസ് പി. സദാശിവം അവർകൾ നിർവ്വഹിച്ചു.

(സി) വിജിലന്റ് കേരള പദ്ധതി കൂടുതൽ തലങ്ങളിൽ നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

ഓപ്പറേഷൻ കുബേര

240 (2068) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഓപ്പറേഷൻ കുബേര'ക്കുശേഷവും കൊള്ളപ്പലിശക്കാരും, വട്ടിപ്പലിശക്കാരും രംഗത്തുണ്ടോ ;

(ബി) അടുത്ത ദിവസം പാലക്കാട് ജില്ലയിലെ കഴൽമന്ദത്തിനടുത്ത് ഇതുമായി ബന്ധപ്പെട്ട് യുവാവ് ജീവനൊടുക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വിവരം സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത നടപടിയാണ് സ്വീകരിച്ചത് ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനും അമിത പലിശക്കാരെ അമർച്ച ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഓപ്പറേഷൻകുബേരക്കുശേഷവും കൊള്ളപ്പലിശക്കാരുടെയും വട്ടിപ്പലിശക്കാരുടെയും ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly